# സവിശേഷതകൾ

ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതകൾ ഡോ. മുസ്ത്വഫസ്സിബാഇ* ഇങ്ങനെ വിവരിക്കുന്നു:

1. ആദർശപരമായ സമ്പൂർണ ഏക നായകത്വം. അല്ലാഹുവിന്റെ സമഗ്രാധിപത്യത്തിൽ അധിഷ്ഠിതമാണ് ഇസ്‌ലാം. എല്ലാം അല്ലാഹുവിൽനിന്നാണ്. അല്ലാഹുവിനതീതമായി ഒന്നുമില്ല. ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും തുല്യരാണ്. ഇസ്‌ലാമിലെ ആചാര സമ്പ്രദായങ്ങളും അനുഷ്ഠാനങ്ങളും കലകളും സാമൂഹിക സംവിധാനവും ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്. ബഹുദൈവത്വത്തിന്റെ ചിഹ്നങ്ങൾക്കും വിഗ്രഹാരാധനയ്ക്കും ഇസ്‌ലാമിൽ സ്ഥാനമില്ല. പ്രവാചകന്മാരുടെയോ മഹാന്മാരുടെയോ പ്രതിമകൾ സ്ഥാപിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ജീവിത വ്യവസ്ഥയിലും നിയമനിർമാണത്തിലും ഇസ്‌ലാമിലെ ഏകദൈവത്വ സിദ്ധാന്തം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

2. ഇസ്‌ലാമിക നാഗരികത മാനുഷിക മുഖമുള്ളതാണ്. മനുഷ്യത്വപരമാണ് അതിന്റെ ലക്ഷ്യവും വികാരവും. വർഗ, വർണ, ദേശ, ഭാഷാ വൈവിധ്യങ്ങൾക്കതീതമായ ഏക മാനവ സങ്കല്പമാണ് ഇസ്‌ലാമിന്റേത്. സാർവ ലൗകിക മാനുഷികൈക്യം ഖുർആൻ ഊന്നിപ്പറയുന്നു: "മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചു. പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ് നാം നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത്. നിങ്ങളിൽ ഏറ്റവും സൂക്ഷ്മത പുലർത്തുന്നവനാണ് അല്ലാഹുവിങ്കൽ ഏറ്റവും ഉത്തമൻ."(49: 13)

3. ജീവിതത്തിന്റെ നിഖില മേഖലകളിലും ഇസ്‌ലാമിക നാഗരികത ധാർമിക മൂല്യങ്ങൾക്ക് ഒന്നാം പരിഗണന നല്കുന്നു. വിധിന്യായം, വിജ്ഞാനം, നിയമ നിർമാണം, യുദ്ധം, സന്ധി, സമ്പത്ത്, കുടുംബം എന്നിവകളിലെല്ലാം പ്രഥമ പരിഗണന നല്കുന്നത് ധാർമിക മൂല്യങ്ങൾക്കാണ്. വ്യക്തിയുടെയും രാഷ്ട്രത്തിന്റെയുമെല്ലാം താൽപര്യങ്ങൾ അതിനു താഴെയേ വരുന്നുള്ളൂ.

4. വിട്ടുവീഴ്ചയില്ലാത്ത ആദർശ നിഷ്ഠയും അറിവിന്റെ പരമ പ്രാധാന്യവുമാണ് ഇസ്‌ലാമിക നാഗരികതയുടെ നാലാമത്തെ സവിശേഷത. രാഷ്ട്രത്തെ മതബാഹ്യമായ വ്യവഹാരമായി ഇസ്‌ലാം കാണുന്നില്ല. നിയമത്തെ അത് ആദരിക്കുകയും നിയമം നടപ്പാക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുകയും ചെയ്യുന്നു. ബുദ്ധിയെ അഭിസംബോധന ചെയ്യുന്ന ഇസ്‌ലാം വൈജ്ഞാനിക പ്രചാരണത്തിന് വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട്.

5. മതസഹിഷ്ണുത. സ്വന്തം മതം ആരുടെ മേലും മുസ്‌ലിം അടിച്ചേല്പിക്കുന്നില്ല. എല്ലാ മതങ്ങളോടും ഇസ്‌ലാമിക നാഗരികത സൗമനസ്യത്തോടെ പെരുമാറുന്നു.